കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പോത്തൻകോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരംജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/339/2020

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം ജില്ല

തീയതി.30.6.2020

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പോത്തൻകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്തൻകോട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/339/2020

തിയതി:30.6.2020

**തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30.09.2018 മുതൽ 31.03 .2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ.എം<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.02.2020 മുതൽ<br>29.02.2020 വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. സനിൽ. എസ്. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീ. സാബു.ജി. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ബിന്ദു.ഒ. | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.അരുൺ.സി.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി ശാലിനി<br>(26.02.20 മുതൽ 28.02.20 വരെ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.വേണുഗോപാലൻ നായർ | 01.04.2018മുതൽ31.03.2019വരെ |
| സെക്രട്ടറി | ശ്രീ. കെ. ബാബു | 01.4.2018മുതൽ31.01.2019വരെ |
| | ശ്രീമതി. സബീന. എൻ. | 01.02.2019മുതൽ07.02.2019വരെ |
| | ശ്രീ. പി. സിജു. | 08.02.2019മുതൽ31.03.2019വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ലാൽസിംഗ് | 01.04.2018 മുതൽ 06.08.2018 വരെ |
| | ശ്രീ.സുരേഷ് കുമാർ | 07.08.2018 മുതൽ 08.10.2018 വരെ |
| | ശ്രീമതി. സബീന. എൻ. | 09.10.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.പത്മചന്ദ്രൻ നായർ | 01.4.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | ഡോ.അനുരാജ് | 01.04.2018 മുതൽ 04.04.2018 വരെ |
| | ഡോ.അഫീന എം താഹ | 05.04.2018 മുതൽ 28.06.2018 വരെ |
| | ഡോ.അനുരാജ് | 29.06.2018 മുതൽ 30.06.2018 വരെ |
| | ഡോ.നിമ്മി.കെ.പൗലോസ് | 01.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.യു. ഷാജി. | 01.04.2018 മുതൽ 03.12.2018വരെ |
| | ഡോ.ഹേമലത.പി.എ | 04.12.2018 മുതൽ 31.01.2019 വരെ |
| | ഡോ. അനിതകുമാരി | 01.02.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ലക്ഷ്മി | 01.04.2018 മുതൽ 30.06.2018 വരെ |
| | ഡോ.ബ്ലസ്സിപോൾ | 01.07.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. പ്രീതി ഡേവിഡ്സൺ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. | ശ്രീ.സമീർ.ആർ.എസ്. സർക്കിൾ I&II | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.സലാഹുദ്ദീൻ | 01.04.2018 മുതൽ 31.07.2018 വരെ |
| | ശ്രീ.സുകുമാരൻ നായർ | 01.08.2018 മുതൽ 07.08.2018 വരെ |
| | ശ്രീമതി. ഷീബ.ബി.എസ് | 08.08.2018 മുതൽ 31.03.2019 വരെ |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| ICDS സൂപ്പർവൈസർ | ശ്രീമതി.കുമാരി കല.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ഷമീനാ ബീഗം | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. അൻസി.എ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വാടക ഈടാക്കുന്നതിലെ അപാകതകൾ | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കുന്നതിലെ ന്യൂനതകൾ | 1-13 |
| 14 | ലേലം - നടപടി ക്രമങ്ങളിൽ വീഴ്ച | 1-14 |
| 15 | വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് - അപാകതകൾ | 1-15 |
| 16 | ബിൽഡിങ് പെർമിറ്റ് നൽകുന്നതിലെ അപാകതകൾ | 1-16 |
| 17 | വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-17 |
| 18 | പഞ്ചായത്ത് ദുരിതാശ്വാസ നിധി - ചട്ടങ്ങൾ പാലിക്കുന്നില്ല | 1-18 |
| 19 | ഇ-ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-19 |
| 20 | കുടിവെള്ള ഗാർഹിക കണക്ഷൻ നല്കൽ - പട്ടികജാതിയിൽപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി | 1-20 |
| 21 | സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല. ഗ്രാമപഞ്ചായത്തിന് 61353/- രൂപയുടെ നഷ്ടം | 1-21 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല- 19,13,488/- രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 23 | മരാമത്ത് പ്രവൃത്തികൾ ടെണ്ടർ ബിലോ തുക കുറവു ചെയ്തില്ല. | 1-23 |
| 24 | കരാറുകാരന് അനർഹമായി ജി.എസ്.റ്റി. കോമ്പൻസേഷൻ അനുവദിച്ചു. 17957/- രൂപ നിരാകരിക്കുന്നു. | 1-24 |
| 25 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും | 1-25 |

| | | |
|---|---|---|
| | തയ്യാറാക്കിയിട്ടില്ല. | |
| 26 | കാരുണ്യ സ്പെഷ്യൽ സ്കൂൾ നൈപുണ്യ വികസനം-ചെലവ് രേഖകളുടെ അഭാവത്തിൽ 251470/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-26 |
| 27 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-27 |
| 28 | കേദാരം സമഗ്ര നെൽകൃഷി വികസനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-28 |
| 29 | തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-29 |
| 30 | ഹരിത ഭവനം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-30 |
| 31 | ജലശ്രീ - കിണർ റീചാർജ് - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-31 |
| 32 | വീട് വാസയോഗ്യമാക്കൽ - രേഖകൾ കൂടാതെ തുക അനുവദിച്ചു. | 1-32 |
| 33 | വീട് വാസയോഗ്യമാക്കൽ (എസ്.സി.) - സ്പിൽ ഓവർ പ്രോജക്ട് - രേഖകൾ കൂടാതെ തുക അനുവദിച്ചു. | 1-33 |
| 34 | ഭവന നിർമ്മാണം - ലൈഫ് (ജനറൽ) - വീട് നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-34 |
| 35 | അംഗൻവാടി പോഷകാഹാര പരിപാടി-2077227 രൂപ തടസ്സം ചെയ്യുന്നു. | 1-35 |
| 36 | ശിശു വിഹാർ വികസനം- രേഖകൾ ലഭ്യമാക്കിയില്ല | 1-36 |
| 37 | ജാഗ്രതാസമിതിയ്ക്ക് ഭൗതികസാഹചര്യം ഒരുക്കൽ | 1-37 |
| 38 | കാരുണ്യ സ്പെഷ്യൽ സ്കൂൾവാഹനച്ചെലവ്-ചെലവ് രേഖകൾ ലഭ്യമല്ല | 1-38 |
| 39 | അംഗനവാടികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ-സ്റ്റോക്ക് /വിതരണരജിസ്റ്റർ ലഭ്യമാക്കിയില്ല | 1-39 |
| 40 | 2018-19 -പദ്ധതിച്ചെലവ്-ബിൽബുക്ക് പ്രകാരം പിൻവലിച്ച തുകയെ സംബന്ധിച്ച് വ്യക്തതയില്ല | 1-40 |
| | ഭാഗം- 2 | |
| | വരവിനങ്ങളിലെ നഷ്ടം | |
| 41 | വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് - അപാകതകൾ | 2-1 |
| | ഭാഗം- 3 | |
| | ചെലവിനങ്ങളിലെ നഷ്ടം | |
| 42 | മരാമത്ത് പ്രവൃത്തികൾ ടെണ്ടർ ബിലോ തുക കുറവു ചെയ്തില്ല. 5490/- രൂപ നിരാകരിക്കുന്നു. | 3-1 |
| 43 | കരാറുകാരന് അനർഹമായി ജി.എസ്.റ്റി. കോമ്പൻസേഷൻ അനുവദിച്ചു. 17957/- രൂപ നിരാകരിക്കുന്നു | 3-2 |
| 44 | കുടിവെള്ള ഗാർഹിക കണക്ഷൻ നല്കൽ - പട്ടികജാതിയിൽപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി - തുക 7500/- നിരാകരിക്കുന്നു. | 3-3 |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 45 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 46 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 47 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 49 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 50 | സ്ഥിര നിക്ഷേപം | 4-6 |
| 51 | ഓഡിറ്റ് റിക്കവറി | 4-7 |
| 52 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 53 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 26.03.2018ലെ1/1 ാംനമ്പർ തീരുമാനപ്രകാരം അഗീകരിച്ചു.

2018-19 ബജറ്റ് സംബന്ധിച്ച് ഫയലുകളും രേഖകളും പരിശോധിച്ചപ്പോൾ താഴെ പറയുന്ന വസ്തുതകൾ കണ്ടു

- ബജറ്റിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും സംസ്ഥാന ഓഡിറ്റ് വകുപ്പിന് പകർപ്പ് സമർപ്പിക്കുന്നതിനും തയ്യാറായിട്ടില്ല.
- ബജറ്റ് - ചെലവുകൾ സംബന്ധിച്ച് ഫിനാൻഷ്യൽ പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കാറില്ല. ഇതുസംബന്ധിച്ചു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല
- ബജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതുസംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്കു നൽകുകയോ ചെയ്തിട്ടില്ല
- പെർഫോമൻസ് ഓഡിറ്റ് വിങ് ബജറ്റ് റിവ്യൂ ചെയ്തിട്ടില്ല

(a) പരിധിയിൽ കൂടുതൽ സേവിംഗ്സ്

ചെലവഴിക്കുന്നതിനായി വലിയ തുകകൾ വകയിരുത്തിയെങ്കിലും മുഴുവൻ തുകയും ചെലവഴിച്ചില്ല.

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|
| ഉദ്പാദന മേഖല | 11581550 | 7020370 | 60 |
| സേവന മേഖല | 178569000 | 88266013 | 49 |

(b) വകയിരുത്തിയതിൽ അധികം ചെലവു ചെയ്തു

താഴെപ്പറയുന്ന ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലധികം ചെലവു ചെയ്തു

| ഹെഡ് കോഡ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | അധികമായി ചെലവഴിച്ച തുക |
|---|---|---|---|
| 2201001 | 100000 | 112429 | 12429 |
| 2202001 | 50000 | 60881 | 10881 |

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72,73,74 എന്നിവ അനുസരിച്ച ബഡ്ജറ്റിൽ വകയിരുത്തിയതിൽ അധികം ചെലവ് വരുത്താൻ പാടില്ല. സെക്ഷൻ 214(5) ചട്ടം 72 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്ന പ്രസ്തുത നടപടികളിൽ ഉദാസീനത വരുത്തുന്നത് അടിയന്തിര ശ്രദ്ധ പതിയേണ്ട വിഷയമായി വിലയിരുത്തുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 10.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11095095 |
| വരവ് | 138537501 |
| ആകെ | 149632596 |
| ചെലവ് | 124744643 |
| നീക്കിയിരുപ്പ് | 24887953 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 20649440 | 20649440 | 20649440 | 0 |
| എസ്.സി.പി | 0 | 6768548 | 6768548 | 6768548 | 0 |
| സി.എഫ്.സി | 0 | 9597036 | 9597036 | 9597036 | 0 |
| ബി.ഫണ്ട് | 0 | 1245840 | 1245840 | 1245840 | 0 |
| മെയിന്റനൻസ് റോഡ് | 0 | 9283815 | 9283815 | 9283815 | 0 |
| മെയിന്റനൻസ് നോൺ-റോഡ് | 0 | 4230712 | 4230712 | 4230712 | 0 |
| ജനറൽ പർപ്പസ് ഫണ്ട്&ട്രഷറി തനത് | -1164647 | GPF-9551737<br>11230629 | 19617719 | 18900740 | 716979 |
| എസ്.ബി.എെ.ഇ-പേയ്മെന്റ് | 880189 | 35817246 | 36697435 | 35557930 | 1139505 |
| ഡി.സി.ബി.പോത്തൻകോട് | 11232109 | 29374886 | 40606995 | 17696606 | 22910389 |
| ട്രഷറി-തനത് | 9760 | 0 | 9760 | 0 | 9760 |
| MNREGS | 45762 | 650812 | 696574 | 691476 | 5098 |
| തോന്നക്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 91922 | 136800 | 228722 | 122500 | 106222 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 164830599 | 88 | 97869319 | 34 | 55 | 49.7 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 45762 | 650812 | 696574 | 691476 | 5098 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 60220453 | 60220453 | 60220453 | |
| ആകെ | 45762 | 60871265 | 60917027 | 60911929 | 5098 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 645840 | 346 |
| കർഷകതൊഴിലാളി പെൻഷൻ | 6592400 | 519 |
| വിധവാപെൻഷൻ | 18053300 | 1373 |
| വാർദ്ധക്യകാലപെൻഷൻ | 30508000 | 2183 |
| വികലാംഗപെൻഷൻ | 5457100 | 410 |
| വിവാഹധനസഹായം | 600000 | 20 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 417500 | 21 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11215/-(പതിനോരായിരത്തി ഇരുനൂറ്റി പതിനഞ്ച് ) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

എ) പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നടപടികളും വളരെ കുറവാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ലാത്തതിനാൽ പഞ്ചായത്തിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നുമുള്ള ലൈസൻസ്, തൊഴിൽനികുതി ലഭിച്ചിട്ടുണ്ടോയെന്ന് ഓഡിറ്റിന് വിലയിരുത്താനായിട്ടില്ല. റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. കെട്ടിടനികുതി,പെർമിറ്റ് എന്നിവയിലെ അപാകതകൾ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികയിലുൾപ്പെടുത്തിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുള്ള ആവശ്യകത പല പദ്ധതിരൂപീകരണത്തിലും പാലിച്ചിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കി, അവയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ട് വേണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി തുടർ നിർദ്ദേശങ്ങൾ വയ്ക്കുന്നില്ല. പഞ്ചായത്തിന്റെ ആസ്തികൾ വർഷം തോറും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല. ആസ്തികളുടെ സംരക്ഷണം നടത്തുന്നില്ല. വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തുകൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ കൂട്ടായ്മ ഉണ്ടാവേണ്ടതാണ്. ബജറ്റിലൂടെ സംസ്ഥാന സർക്കാർ അനുവദിച്ച ഫണ്ടുകൾ പൂർണ്ണമായും ഉപയോഗപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ബി) രജിസ്റ്ററുകളുടെ പരിപാലനം</u>

ഗ്രാമ പഞ്ചായത്തിലെ ലേല രജിസ്റ്റർ, ലേല ഡയറി എന്നിവ പരിശോധിച്ചത് പ്രകാരം രജിസ്റ്റർ, സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. എല്ലാ ലേല വിവരങ്ങളും, തുകയുടെ ഒടുക്ക് വിവരങ്ങൾ , നിരതദ്രവ്യം തുക ലേല ഇനത്തിൽ മാറ്റിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററുകൾ രേഖപ്പെടുത്തിയിട്ടില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

സി) ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.02.2020 | 11.12.2019 മുതൽ 09.01.2020 വരെ | 03.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.09.2018 | 2010-11 മുതൽ 2014-15 വരെ | 29.10.2018 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം./ജി.പി.11/1277/2019 തീയതി

01.08.2019 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12 വാടക ഈടാക്കുന്നതിലെ അപാകതകൾ

വാടക സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ കണ്ടു

- പോത്തൻകോട് മാർക്കറ്റിലെ 25 സ്റ്റാളുകൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും ഒരു വാടകക്കാരനുമായി ഉണ്ടാക്കിയിട്ടുള്ള കരാർ മാത്രമാണ് ഹാജരാക്കിയത്
- വേങ്ങോട് ഷോപ്പിംഗ് കോംപ്ലെക്സിലെ 6 കടമുറികളിൽ ഒരെണ്ണം ഒഴിഞ്ഞു കിടക്കുന്നു
- പോത്തൻകോട് ഷോപ്പിംഗ് കോംപ്ലെക്സിലെ 9 കടമുറികളിൽ 7 കടമുറികളുടെ വാടക 6000/-രൂപയ്ക്കു മുകളിലാണ്. എന്നാൽ ഗ്രൗണ്ട് ഫ്ലോറിലെ രണ്ടു കടമുറികളുടെ വാടക യഥാക്രമം 1330/-, 700/- രൂപയാണ്. അവ പ്രസ് ക്ലബ്, കഥകളി ക്ലബ് എന്നിവർക്കാണ് വാടകക്ക് നൽകിയിരിക്കുന്നത്. ഇത്ര താഴ്ന്ന നിലയിലുള്ള വാടക ഈടാക്കുന്നതിന്റെ കാരണം അറിയിക്കാൻ നൽകിയ എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 24/25.2.20) ചെറിയ റൂമുകൾ ആയതിനാലാണ് താഴ്ന്ന നിരക്കിൽ വാടകയ്ക്ക് നൽകിയത് എന്ന് മറുപടി ലഭിച്ചു. മുറിയുടെ വിസ്തീർണ്ണം അനുസരിച്ച് വാടക കണക്കാക്കി ഈടാക്കേണ്ടതും വാടകക്കാരുമായി കരാർ ചമയ്ക്കേണ്ടതുമാണ്.

മേല്പറഞ്ഞ വസ്തുതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്

# 1-13 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട ഉടമകളിൽ നിന്നും സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ ശേഖരിച്ച് ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. എന്നാൽ പോത്തൻകോട് പഞ്ചായത്തിൽ അപ്രകാരം ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കുന്നതിനു പകരം വിവിധ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച റിട്ടേണുകളിൽ നിന്നുമാണ് ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കുന്നത്.

കൂടാതെ താഴെ പറയുന്ന അപാകതകളും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ കണ്ടു.

1. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ആദ്യ പാദം തൊഴിൽ നികുതി ഈടാക്കിയില്ല

ഇൻഡസ് ഇൻഡ് ബാങ്ക്, പോത്തൻകോട് ഓട്ടോ സർവീസ്, മാവേലി സ്റ്റോർ, അശ്വതി സിൽക്സ്, മധുര മൈക്രോ ഫിനാൻസ്, കെ എസ് എഫ് ഇ, പോലീസ് സ്റ്റേഷൻ

2. റിട്ടേണുകൾ പരിശോധിച്ചതിൽ ബോണസ്/ഫെസ്റ്റിവൽ അലവൻസ് എന്നിവ തൊഴിൽ നികുതി കണക്കാക്കുന്നതിൽ പരിഗണിച്ചില്ല
3. റേഷൻ വ്യാപാരികൾ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല
4. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

ശാന്തിഗിരി ആയുർവേദ സിദ്ധ ഹോസ്പിറ്റൽ, സിവിൽ സപ്ലൈസ് കോർപറേഷൻ, ശ്രീ നാരായണ ഗുരു കൃപ കോളേജ്, കേരള ഗ്രാമീൺ ബാങ്ക്, തോന്നയ്ക്കൽ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മുത്തൂറ്റ് ഫിൻ കോർപ്, കല്യാൺ ജൂവലേഴ്സ് പോത്തൻകോട് ഓട്ടോ സർവീസ്, എസ് ബി ഐ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (22/24.2.2020)ന് നികുതി

ഈടാക്കുന്നതാണെന്നും ചട്ടപ്രകാരം ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്നതാണെന്നും മറുപടി ലഭിച്ചു. കേരള പഞ്ചായത്ത് രാജ് സെക്ഷൻ 205 പ്രകാരം ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി അപ്രകാരം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 1-14 ലേലം - നടപടി ക്രമങ്ങളിൽ വീഴ്ച

പോത്തൻകോട് പബ്ലിക് മാർക്കറ്റിലെ ഗേറ്റ് ഫീ പിരിക്കുന്നതിനുള്ള അവകാശം – 5.03.2018 ൽ നടന്ന ലേലത്തിൽ ഉയർന്ന നിരക്കായ 1526000/-രൂപ വിളിച്ച ജയൻ എന്ന വ്യക്തിക്ക് ലേലം ഉറപ്പിച്ചു നൽകി. ലേല തുക ഒറ്റ തവണ ആയി അടവാക്കാനായിരുന്നു ലേല നിബന്ധന. അല്ലാത്ത പക്ഷം ഒടുക്കാൻ ബാക്കിയുള്ള തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവെൻസി വാങ്ങി ഗഡുക്കളായി അടവാക്കേണ്ടതാണ്. എന്നാൽ 1000000/-രൂപ 06.03.2018 ലാണ് അടവാക്കിയത്. ആയതിനാൽ 1052000/-രൂപയുടെ സോൾവെൻസി ആവശ്യമായിരുന്നു, എന്നാൽ സോൾവെൻസി വാങ്ങിയില്ല. ബാക്കി തുക 31.03.2018 ൽ അടവാക്കാൻ നിർദേശിച്ചുവെങ്കിലും 300000/-രൂപ മാത്രമാണ് അടവാക്കിയത് കൂടാതെ ബാക്കി തുക ജൂൺ, സെപ്തംബർ, ഡിസംബർ മാസങ്ങളിൽ ഗഡുക്കളായി അടവാക്കാൻ നിർദേശിച്ചു എങ്കിലും 28.09.2018 - 100000/-, 11.03.2019 - 126000/-എന്നീ തീയതികളിലാണ് ഒടുക്കു വരുത്തിയത്. ഒടുക്കു വരുത്തൽ താമസം വരുത്തിയതിനാൽ ഫൈൻ ഈടാക്കേണ്ടിയിരുന്നെങ്കിലും ആയതു ഈടാക്കിയില്ല. ലേലത്തിന് 18% നിരക്കിൽ ജി.എസ്.ടി ഈടാക്കേണ്ടിയിരുന്നെങ്കിലും ആയതു ഈടാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (24/25.2.2020) പിഴ പലിശ ഈടാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ജി.എസ്.റ്റി ഉൾപ്പെടെ ഈടാക്കാനുള്ളത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-15 വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് - അപാകതകൾ

ചട്ട പ്രകാരമുള്ള മെഷീൻ ഫീ ഈടാക്കാത്തതിനാൽ 3450/-രൂപയുടെയും ലൈസൻസ് പുതുക്കുന്നതിന് കാലതാമസം വരുത്തിയതിനുള്ള ഫീ ഈടാക്കാത്തതിനാൽ 2250/- രൂപയുടെയും നഷ്ടം ഉണ്ടായി. ഖണ്ഡിക 2-1 കാണുക

# 1-16 ബിൽഡിങ് പെർമിറ്റ് നൽകുന്നതിലെ അപാകതകൾ

ഭൂമി വികസനം സംബന്ധിച്ച ഏതാനും ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു

ഫയൽ നമ്പർ : എ3-ബിഎ(250967)/18

- ചട്ട പ്രകാരം റോഡ് സ്പ്ലെയിങ് 2.7മീറ്റർ വേണ്ടതാണ്, എന്നാൽ 2.6 മീറ്റർ മാത്രമാണ് നൽകിയിട്ടുള്ളത്
- 25 മീറ്ററിന് മുകളിലുള്ള ഒരു വശം അടഞ്ഞ (cul-de-sac) റോഡുകൾക്ക് 5 മീറ്റർ വീതി ആവശ്യമാണ് , എന്നാൽ 3.6മീറ്റർ വീതി മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്

ഫയൽ നമ്പർ : എ3-ബിഎ(234607)/18

- ചട്ട പ്രകാരം ഓരോ പ്ലോട്ടിനും 12 മീറ്റർ വ്യാപ്തി ഉണ്ടായിരിക്കേണ്ടതാണ്, എന്നാൽ പ്രസ്തുത നിബന്ധന പാലിച്ചില്ല

- 25 മീറ്ററിന് മുകളിലുള്ള ഒരു വശം അടഞ്ഞ (cul-de-sac) റോഡുകൾക്ക് 5മീറ്റർ വീതി ആവശ്യമാണ്, എന്നാൽ 3.45 മീറ്റർ വീതി മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്

ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 1-17 വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. വൗച്ചർ നമ്പർ:

| | |
|---|---|
| 201800139/11.5.18 | 5850 |
| 201800140/11.5.18 | 2500 |
| 21800287/19.6.18 | 9000 |
| 21800686/3.10.2018 | 3000 |

പഞ്ചായത്ത് പരിധിയിലുള്ള മരം മുറിച്ചു മാറ്റുന്നതിനായി 20350/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി സർക്കുലർ നമ്പർ 248/RCB/2016/LSGD-14.07.2017 പ്രകാരമുള്ള ട്രീ കമ്മിറ്റിയുടെ അനുമതി, മുറിച്ചു മാറ്റിയ മരത്തിന്റെ വാല്യുവേഷൻ, ലേലം നടത്തിയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഹാജരാക്കിയില്ല. ആയതിനാൽ ഇതിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാകാത്തപക്ഷം മരം മുറിക്കൽ നടന്നിട്ടില്ല എന്ന നിഗമനത്തിൽ ചെലവ് തുക നിരാകരിക്കുന്നതാണ്.

വിവിധ യാത്രകൾക്കു വാഹനം വാടകക്കെടുത്തതിനായി വിവിധ വൗച്ചറുകളിലായി തുകകൾ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തീയതി | ആവശ്യം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 201800171/21.05.2018 | സർക്കാർ രണ്ടാം വാർഷികം | 31200 |
| 2 | 201800410/23.07.2018 | അനൗൺസ്മെന്റ് | 14000 |
| 3 | 21800850/08.11.2018 | അനൗൺസ്മെന്റ് | 13000 |
| | | ആകെ | 58200 |

ഈ സാഹചര്യത്തിൽ മേല്പറഞ്ഞ ആവശ്യങ്ങൾക്കായി ചെലവഴിച്ച തുക 58200/- തടസ്സപ്പെടുത്തുന്നു.

3. വൗച്ചർ നമ്പർ: 201800390/20.07.2018, തുക: 139000

മേല്പറഞ്ഞ വൗച്ചർ പ്രകാരം 139000/- രൂപ മെഡിക്കൽ ഓഫീസർക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ടി തുക ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചതായി കാണുന്നില്ല. ആയതിനാൽ മുൻകൂർ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. മൂന്നു മാസത്തിനുള്ളിൽ ക്രമീകരിച്ചിട്ടില്ലെങ്കിൽ ചട്ട പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

4. താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ/കൈപ്പറ്റു രസീത് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തീയതി | ആവശ്യം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 201800147/11.05.2018 | കുടുംബശ്രീ പരിശീലനം | 2540 |
| 2 | 201800395/20.07.2018 | മഴക്കാല പൂർവ ശുചീകരണം | 180000 |

| | | | |
|---|---|---|---|
| 3 | 21800675/01.10.2018 | ബിപിഎൽ ഇൻസെന്റീവ് തിരികെ നൽകിയത് | 135150 |
| | | ആകെ | 317690 |

ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ 317690/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

5. വൗച്ചർ നമ്പർ : 21800419 തീയതി: 28.07.2018 തുക: 186000

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഫർണിച്ചർ എന്ന പദ്ധതി(176/2018) ലോകബാങ്ക് സഹായധനത്തിൽ നിന്ന് വകയിരുത്തി തയ്യാറാക്കി. എന്നാൽ പദ്ധതിക്കായി പ്രസ്തുത തുക ലഭിച്ചില്ല. കമ്മിറ്റി നമ്പർ 4/1(14.05.2018) തീരുമാന പ്രകാരം തനതു ഫണ്ടിൽ നിന്നും ചെലവഴിക്കാനും പ്രസ്തുത പദ്ധതി അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവ് ക്രമീകരിക്കാനും തീരുമാനിച്ചു. അപ്രകാരം തനത് ഫണ്ടിൽ നിന്നും 186000/-രൂപ ചെലവഴിച്ചു. ആയതിനാൽ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച 186000/-രൂപ ക്രമീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

6)വൗച്ചർ നമ്പർ : 21800457 തീയതി: 02.08.2018 തുക: 10000

മുൻകാല ജനന മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഡാറ്റാ എൻട്രി നടത്തിയതിലേക്കായി 10000/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2000 റെക്കോർഡ്സ് എൻട്രി നടത്തിയതിനു 5 രൂപ നിരക്കിൽ 10000/-രൂപ നൽകി. എന്നാൽ സർക്കുലർ നമ്പർ 5078/IB1/09/lsg/26.04.2009 പ്രകാരം ഡാറ്റാ എൻട്രി നടത്തുന്നതിന് ഓരോ ഇനത്തിനും തുക കണക്കാക്കി നൽകിയിട്ടുണ്ട്. ആയതു പ്രകാരം ഒരു റെക്കോർഡിന് മൊത്തം 6 രൂപ എന്ന നിരക്കിലാണ് നൽകേണ്ടത്. അതിൽ 2 രൂപ IKMനു നൽകേണ്ടതാണ്. കൂടാതെ 0.3 രൂപ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്കുള്ളതാണ്.

കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയുടെ വാടക, കറന്റ് ചാർജ് ഇനത്തിന് 0.85 രൂപ ചെലവഴിക്കാവുന്നതാണ്. എന്നാൽ മേല്പറഞ്ഞ ഡാറ്റ എൻട്രി പഞ്ചായത്തിൽ വെച്ചാണോ നടത്തിയതെന്ന വിവരവും എം.ഐ.കെ.എം സഹായം ലഭ്യമായോ എന്നും വ്യക്തമല്ല. ഇതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭിച്ചില്ല. ആയതിനാൽ വിവിധ ഇനത്തിൽ നിന്നായി ഒരു റെക്കോർഡിന് ചെലവഴിച്ച തുക കണക്കാക്കിയതിൽ അവ്യക്ത കാണുന്നു. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 10000/-രൂപ ചെലവിൽ അവ്യക്തതയുണ്ട്. ശരിയായ തുക കണക്കാക്കി അധികം നൽകിയ തുക ഉണ്ടെങ്കിൽ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (20/19.2.20) മറുപടി ലഭിച്ചില്ല.

7)വൗച്ചർ നമ്പർ : 21800766 തീയതി: 16.10.2018 തുക: 9900

വേസ്റ്റ് പിറ്റ്, ടോയ്‌ലറ്റ് മെയിൻറനൻസ് ഇനത്തിൽ 9900/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ പെറ്റി വർക്കിൻറെ എസ്റ്റിമേറ്റ്, വാല്യുവേഷൻ എന്നിവ ഹാജരാക്കിയില്ല. ആയതിനാൽ 9900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

8. വൗച്ചർ നമ്പർ : 21801118, 21801303 തീയതി: 25.01.2019,18.03.2019 തുക: 21695,6138

മേല്പറഞ്ഞ വൗച്ചറുകൾ പ്രകാരം പോസ്റ്റ് ഷിഫ്റ്റിംഗിനായി വൈദ്യുതി ബോർഡിന് പണം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തിയായതിന്റെ വിവരങ്ങളോ വിനിയോഗ സാക്ഷ്യ പത്രമോ ഹാജരാക്കിയിട്ടില്ല. ആയതു ഹാജാരാക്കേണ്ടതാണ്.
മേൽപ്പറഞ്ഞ വിവരങ്ങൾ ഉൾപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി (20/19.2.20) ന് മറുപടി ലഭിച്ചില്ല.

# 1-18 പഞ്ചായത്ത് ദുരിതാശ്വാസ നിധി - ചട്ടങ്ങൾ

# പാലിക്കുന്നില്ല

പഞ്ചായത്തിലെ ജനങ്ങൾക്കായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ദുരിതാശ്വാസ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ കണ്ടു

- 2003 ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണം ചട്ടം പ്രകാരം ഓരോ മാസവും ഫണ്ടിന്റെ വരവും ചെലവും ഏതൊക്കെ വ്യക്തികളിൽ നിന്നും വരവ് ലഭിച്ചു, ഏതൊക്കെ ആവശ്യങ്ങൾക്കായി ഫണ്ട് ചെലവഴിച്ചു എന്നീ വിവരങ്ങൾ പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതാണ് അത്തരത്തിൽ കമ്മിറ്റിയിൽ രേഖകൾ സമർപ്പിക്കുന്നില്ല

- ചട്ടം 7 പ്രകാരം മേല്പറഞ്ഞ വിവരങ്ങൾ പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും ഗ്രാമസഭയിൽ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നില്ല

- ഫ്രണ്ട് ഓഫീസിൽ രേഖകൾ പ്രകാരം ബിൽഡിംഗ് പെർമിറ്റ്, വിവാഹ രജിസ്ട്രേഷൻ അപേക്ഷകരിൽ നിന്ന് മാത്രമാണ് ദുരിതാശ്വാസ നിധിയിലേക്ക് വരവ് ഉണ്ടാകുന്നത്. എല്ലാ വിവാഹ രജിസ്ട്രേഷൻ അപേക്ഷകരിൽ നിന്നും 400/-രൂപ നിരക്കിൽ ദുരിതാശ്വാസ ഫണ്ട് ലഭിക്കുന്നുണ്ട്. കൂടാതെ ബിൽഡിങ് പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ ദുരിതാശ്വാസ നിധി എത്ര രൂപയാണ് ഈടാക്കേണ്ടതെന്നും ഈടാക്കിയതെന്നുമുള്ള വിവരം എഴുതി ചേർക്കുന്നു. ഇതിൽ നിന്നും ദുരിതാശ്വാസ നിധി ഫണ്ട് പ്രസ്തുത അപേക്ഷകരിൽ നിന്നും ലഭിച്ചതായി ഉറപ്പു വരുത്തുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്. ഏതാനും ബിൽഡിങ് പെർമിറ്റ് ഫയലുകളിൽ ഇത്ര രൂപ ദുരിതാശ്വാസ നിധി ഈടാക്കേണ്ടതാണെന്ന കുറിപ്പ് എഴുതി കണ്ടു.

മേല്പറഞ്ഞ വസ്തുതകളിൽ നിന്നും ദുരിതാശ്വാസ നിധി നിർബന്ധമായും പിരിച്ചെടുക്കുന്നതോ അല്ലെങ്കിൽ ബിൽഡിംഗ് പെർമിറ്റ്, വിവാഹ രജിസ്ട്രേഷൻ അപേക്ഷ ഫീസിന്റെ ഭാഗമായോ പിരിച്ചെടുക്കുന്നതായി കാണാവുന്നതാണ്.

ചട്ട പ്രകാരം ദുരിതാശ്വാസ ഫണ്ട് പിരിവു "offer of enticement" ആകരുത് എന്ന് നിഷ്കർഷിക്കുന്നു. ഇത്തരത്തിൽ അപേക്ഷകരിൽ നിന്നും പിരിവു നടത്തുന്നത് ഈ വിധത്തിലുള്ള ചട്ട ലംഘനമായി കാണാവുന്നതാണ്.

ഈ സാഹചര്യത്തിൽ ഇങ്ങനെ പിരിവു നടത്തുന്നതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

# 1-19 ഇ-ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ്

പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം 24 പ്രവൃത്തികൾക്കായി ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകയായ 114828/- രൂപ തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

# 1-20 കുടിവെള്ള ഗാർഹിക കണക്ഷൻ നല്കൽ - പട്ടികജാതിയിൽപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി - തുക 7500/- നിരാകരിക്കുന്നു.

പട്ടികജാതിക്കാർക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പദ്ധതിയിൽ പട്ടികജാതിയിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് 7500/- രൂപ നൽകി. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-4 കാണുക.

# 1-21 സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല. ഗ്രാമപഞ്ചായത്തിന് 61353/- രൂപയുടെ നഷ്ടം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 , സെക്ഷൻ 2009.6 പ്രകാരം ഒരു പ്രവൃത്തി നിർവഹിക്കുന്നതിന് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി (ലറ്റർ അയച്ച തീയതി/ എസ് എം എസ് അയച്ച തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നു) മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതുണ്ട്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി കരാർ വയ്ക്കാം. 14 ദിവസവും പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞും കരാർഉടമ്പടി വയ്ക്കാത്ത പക്ഷം കരാർ പ്രാബല്യത്തിൽ വരുത്താതെ റദ്ദാക്കേണ്ടതാണ്. എന്നാൽ PWD മാന്വലിന് വിരുദ്ധമായി കരാറിൽ ഏർപ്പെട്ടത് A.E യുടെ ഗുരുതര വീഴ്ചയാണ്.

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ കരാർ വയ്ക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം, പേര് | അടങ്കൽ തുക | ബിൽ നം./ തീയതി തുക | കരാറുകാരന്റെ പേര് | സെലക്ഷൻ നോട്ടീസ് നൽകിയ തീയതി | കരാർ തുക, തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|---|
| 1 | 135/19 കാവുവിള കണിച്ചാംകോട് മെറ്റലിംഗ് ടാറിംഗ് | 850000/- മെയിന്റനൻസ് ഫണ്ട് - റോഡ് | 20/18-19 31.07.18 700939 | ശ്രീ.കെ.മോഹൻ കുമാർ | 16.01.17 | 702747 22.03.17 | 7027 |
| 2 | 161/19 | 1192234 | 19/18-19 | ശ്രീ. പ്രവീൺ.ഡി | 10.10.17 | 1192234 | 11922 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പോത്തൻകോട് ബസ് സ്റ്റാൻഡ് മെയിന്റനൻസ് | മെയിന്റനൻസ് ഫണ്ട് - റോഡ് | 31.07.18<br>1162281 | | | 27.11.17 | |
| 3 | 148/19<br>പാങ്ങാത്തല റോഡ് ഫസ്റ്റ് മെറ്റലിംഗ് ടാറിംഗ് | 808245<br>ധനകാര്യ കമ്മിഷൻ അവാർഡ് | 14/18-19<br>21.05.18<br>777858 | ശ്രീ. എ.മോഹന കുമാരൻ നായർ | 22.08.17 | 808245<br>8.11.17 | 8082 |
| 4 | 145/19<br>കൊയ്ത്തൂർക്കോണം നിലവിളാകം കൊച്ചുവീട്ടിൽ റോഡ് സെക്കൻഡ് മെറ്റലിംഗം ടാറിംഗം ഓടനിർമ്മാണം | 788457<br>മെയിന്റനൻസ് ഫണ്ട് - റോഡ് | 18/18-19<br>31.07.18<br>788247 | ശ്രീ.എ.മോഹന കുമാരൻ നായർ | 22.08.17 | 788457<br>8.11.17 | 7885 |
| 5 | 137/19<br>മറ്റത്തുകോണം ചുണ്ടവിള റോഡ് ടാറിംഗ് | 9,00,000<br>മെയിന്റനൻസ് ഫണ്ട് റോഡ് | 2/18-19 21.5.18 , 6,98,590 | ശ്രീ.അജയകുമാർ | 16.01.17 | 704397<br>31.03.17 | 7044/- |
| 6 | 160/19<br>തച്ചപ്പള്ളി സ്കൂൾ കെട്ടിടം മെയിന്റനൻസ് | 1000000<br>മെയിന്റനൻസ് ഫണ്ട് റോഡിതരം | 4/18-19 21.5.18 310352 | ശ്രീ.എൻ. നന്ദൻ | 22.08.2017 | 815361<br>26.10.17 | 8154/- |
| 7 | 140/19<br>പേരൂർ നട ചാണിയൽ റോഡ് $2^{nd}$ മെറ്റലിംഗം ടാറിംഗം | 960000<br>മെയിന്റനൻസ് ഫണ്ട് റോഡ് | 9/18-19 21.5.18 835217 | ശ്രീ. എ.മോഹന കുമാരൻ നായർ | 22.08.17 | 852826/-<br>8.11.17 | 8528/- |
| 8 | 155/19<br>വേങ്ങോട് ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് | 300000/-<br>തനത് ഫണ്ട് | 6045010/23.3.19<br>(ചെക്ക് നം)<br>269600/- | ശ്രീ.എൻ. നന്ദൻ | 22.08.17 | 271149/-<br>26.10.17 | 2711/- |
| ആകെ തുക | | | | | | | 61353/- |

ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് 61353/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറികൾക്ക് (27/26.02.2020, 33/27.02.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പിഴ തുക ഈടാക്കേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല- 19,13,488/- രൂപ തടസ്സപ്പെടുത്തുന്നു.

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 51/29.2.20)

| ക്രമ നം. | പദ്ധതി / നം. | നിർവ്വഹണ ഏജൻസി | ചെലവ് | ബിൽ നം. |
|---|---|---|---|---|
| 1. | ഐ.കെ.എം. വിഹിതം അടയ്ക്കൽ | ഐ.കെ.എം. | 97,328 | 1/19 29.5.18<br>5/19 11.6.18 |
| 2. | തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി. | 76,160 | 18/19 26.11.18 |
| 3. | വൈദ്യുതി ലൈൻ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി. | 10,00,000 | 2/19 30.5.18 |

| | | | | |
|---|---|---|---|---|
| | | | | 19/19<br>26.11.18 |
| 4 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | കെ.ഡബ്ല്യു.എ | 740000 | |
| | | ആകെ | 19,13,488 | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-23 മരാമത്ത് പ്രവൃത്തികൾ ടെണ്ടർ ബിലോ തുക കുറവു ചെയ്തില്ല.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പോരുത്തല അംഗൻവാടി മെയിന്റനൻസ് (129/19) എന്ന മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, മത്സരാധിഷ്ഠിത ടെണ്ടറിലൂടെ പ്രവൃത്തികൾ കരാറുകാർക്ക് അനുവദിച്ച നൽകിയെങ്കിലും ബിൽ തുക നൽകിയപ്പോൾ ടെണ്ടർ ബിലോ കുറവു ചെയ്തിട്ടില്ല. വിശദവിവരങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-24 കരാറുകാരന് അനർഹമായി ജി.എസ്.റ്റി. കോമ്പൻസേഷൻ അനുവദിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ (പ്രോജക്ട് നമ്പർ.42/19) എന്ന പ്രവൃത്തിയിൽ കരാറുകാരനായ ശ്രീ.എ.ഷിബുവിന് അനർഹമായി ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-25 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.എസ്)72/2017/എൽ.എസ്.ജി.ഡി; തീ.29.03.2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10(1) അനുസരിച്ച് പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ആണ് റോഡ് പ്രവൃത്തികൾക്കുള്ള പദ്ധതികൾ രൂപീകരിക്കേണ്ടത്. എന്നാൽ പോത്തൻകോട് ഗ്രാമ പഞ്ചായത്തിൽ ഇത്തരം പദ്ധതികൾ, കണക്ടിവിറ്റി ഭൂപടം ഇല്ലാതെയാണ് നടപ്പിലാക്കി വരുന്നത്. റോഡ് കണക്ടിവിറ്റി ഭൂപടത്തിന്റെ അഭാവത്തിൽ പദ്ധതി നടപ്പാക്കുന്നത്, പ്രവൃത്തി നടത്തിപ്പിൽ അവ്യക്തത ഉണ്ടാക്കുന്നതിനും, പ്രവൃത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും, പാഴ് ചെലവിനും കാരണമാകുന്നു. പഞ്ചായത്ത്, ചെറിയ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനു പകരം, പൂർണ്ണമായ റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കി ജനോപകാരപ്രദമായ സമഗ്രപദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയാൽ മാത്രമേ പഞ്ചായത്തിന്റെ കാലികമായ വികസനം ത്വരിതപ്പെടുകയുള്ളൂ. ഇക്കാര്യത്തിൽ വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-26 കാരുണ്യ സ്പെഷ്യൽ സ്ക്കൂൾ നൈപുണ്യ വികസനം-ചെലവ് രേഖകളുടെ അഭാവത്തിൽ 251470/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. S0022/19

പേര് . കാരുണ്യ സ്പെഷ്യൽ സ്കൂൾ നൈപുണ്യ വികസനം

അടങ്കൽ - വികസനഫണ്ട് 100000

&

പ്രോജക്റ്റ് നം. 170

പേര്-കാരുണ്യ സ്പെഷ്യൽ സ്കൂൾ നൈപുണ്യവികസനം (സ്പിൽ ഓവർ)

അടങ്കൽ- വികസനഫണ്ട് 192849

ചെലവ് തുക - ബിൽനം.19/24.9.2018-15765

24/28.12.18-15904 (രണ്ട് പ്രോജക്ടുകളുടേയും ചെലവ് രേഖകൾ

5/29.6.2018-79507 ഒരുമിച്ചാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത് )

6/29.6.2018-3096

34/5.2.2019-44339

45/28.3.19-38459

11/18.7.18-18384
നിർവ്വഹണ ഉദ്യോഗസ്ഥ-ഐ.സി.ഡി.എസ് സൂപ്പർവൈസർ

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനായി മെഡിക്കൽ ക്യാമ്പ്, മരുന്ന് വാങ്ങൽ എന്നിവയും ഉല്ലാസയാത്ര, പോഷകാഹാരം, യൂണിഫോം, ഐ.ഡി കാർഡ്, സ്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക എന്നിവയായിരുന്നു പ്രസ്തുത പദ്ധതികളിൽ ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ലഭ്യമാക്കിയ ബിൽ പകർപ്പുകൾ പ്രകാരം വികസനഫണ്ട് ആകെ ചെലവ് 215454 രൂപയാണ്. എന്നാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം രണ്ടു പ്രോജക്ടുകളിലുമായി ആകെ ചെലവ് 251470 /- രൂപയാണ് . അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. 36016/- രൂപയുടെ വ്യത്യാസം കാണുന്നു.

2. 215454 രൂപയുടെ ബിൽ പകർപ്പുകളോടൊപ്പം 179564/- രൂപയുടെ ചെലവു രേഖകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ..

3. സ്റ്റോക്ക്/ വിതരണ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ 2017-18 വർഷത്തേതാണ്. സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ ലഭ്യമാക്കിയ ചെലവു രേഖകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

4. മരുന്ന് വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. കന്യാകുമാരി വിവേകനാന്ദ റോക്ക് മെമ്മോറിയൽ (32 ടിക്കറ്റ്), തിരുവട്ടാർ(30 ടിക്കറ്റ്) എന്നിവ സന്ദർശിച്ചതിന്റെ രസീതുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും തിരുവട്ടാർ സന്ദർശിച്ചതിന്റെ രസീതുകൾ 2016-17 ലേതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (42/28.2.20) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 251470/- രൂപ തടസ്സം ചെയ്യുന്നു

# 1-27 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. പോത്തൻകോട് ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു

# 1-28 കേദാരം- S0028/19 - സമഗ്ര നെൽകൃഷി വികസനം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് നമ്പർ -SO028/19

നിർവ്വഹണം – കൃഷി ഓഫീസർ

| അടങ്കൽ | | ചെലവ് |
|---|---|---|
| വികസന ഫണ്ട് ( സാമ്പത്തിക വികസനം) | 59,400 | 59,400 |
| ഗുണഭോക്തൃവിഹിതം ( നേരിട്ട്) | 68400 | 68400 |
| ബ്ലോക്ക് പഞ്ചായത്ത് | 25500 | 25500 |
| ജില്ലാ പഞ്ചായത്ത് | 25500 | 12750 |
| ആകെ | 1,78,800 | 1,66,050 |

നെൽവിത്തിന് 100% സബ്സിഡിയും വളം കീടനാശിനി എന്നിവയ്ക്ക് 75% സബ്സിഡിയും, കൂലിചെലവിന് 50% സബ്സിഡിയും അനുവദിച്ച് 3 Ha സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് ധനസഹായം അനുവദിച്ച് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി രൂപീകരിച്ച പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു. (അപാകങ്ങളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നം,25/24.02.2020 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

1. സമഗ്ര നെൽകൃഷി വികസനത്തിന് സബ്സിഡി അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ മാർഗ്ഗ നിർദ്ദേശം പ്രകാരം [(സബ്സിഡി മാർഗ്ഗരേഖ സ.ഉ.(നം.)22/2018/തസ്വഭവ തീയതി. 28.02.2018)] സമഗ്ര നെൽകൃഷി വികസന പ്രോജക്ടിൽ ഉൾപ്പെട്ട കർഷകർ വിള ഇൻഷ്വർ ചെയ്യേണ്ടതുണ്ട്. കർഷകർ ഇൻഷ്വറൻസ് തുക അടവാക്കിയതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയില്ല.

2. ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടില്ല.

1. ശ്രീ. സനൽകുമാർ ജി., സനൽഭവൻ, തച്ചപ്പള്ളി

2. ശ്രീ. അബ്ദുൽ ജലീൽ, മുട്ടക്കൽ വിള, കല്ലൂർ

3. ശ്രീമതി. ബിന്ദു എസ്., ശിവശ്രേയസ്, പുളിക്കച്ചിറ

4. ശ്രീ.കെ.കെ.കുമാർ, മല്ലശ്ശേരി വീട്, കാവുവിള, പോത്തൻകോട്

5. ശ്രീ. വിജയൻ നായർ സി., മഞ്ജൂഷ ഭവൻ, പണിമൂല, പോത്തൻകോട്

6. ശ്രീ. രാമചന്ദ്രൻ നായർ, അഭിരാമം, കൊല്ലൂർ റോഡ്, കണ്ണമ്മൂല

7. ശ്രീമതി സബീന ബീവി എ., സാഗർ മൻസിൽ, ഖബറഡി നഗർ

8. ശ്രീമതി സീനത്ത് ബീവി, ആഴാവീട്, ഖബറഡിനഗർ

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം നൽകിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം,25/24.02.2020)

3. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി. 29.01.2018 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാർ ചെയ്യേണ്ട പ്രോജക്ട് പൂർത്തീകരണ പത്രം, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ തയ്യാർ ചെയ്തിട്ടില്ല.

4. ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിയിരുന്ന25,500/- രൂപയിൽ 12750/- രൂപയുടെ ചെലവ് 18.05.2019-ലെ 69518002 നമ്പർ ചെക്ക് പ്രകാരമാണ് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത ചെലവ് 2018-19 വർഷത്തെ എക്സ്പെന്റിച്ചറിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങളിൽ വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-29 തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് | 45,000 | 45,000 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 22,500 | 22,500 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 22500 | 22500 |
| ഗുണഭോക്തൃ വിഹിതം(നേരിട്ട്) | 18750 | 18750 |
| ആകെ | 1,08,750 | 1,08,750 |

3 ഹെക്ടർ തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നതു വഴി ഉല്പാദന വർദ്ധനവ്, തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കൽ, തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഹെക്ടറിന് 25,000/- കൃഷിക്കാർക്കും 5000/- ഉടമസ്ഥനും സബ്സിഡിയായിധനസഹായം നൽകുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ കർഷക ഗ്രൂപ്പുകൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

1. ശ്രീമതി. സുജാത എസ്.ബി.(സരസ്വതി ഗ്രൂപ്പ്)

2. ശ്രീമതി. സീനത്ത് ബീവി എസ്. (തനിമ ഗ്രൂപ്പ്)

3. ശ്രീമതി. സബീദാ ബീവി എ. (സ്വരൂപം ഗ്രൂപ്പ്)

4 ശ്രീമതി. മിനി എസ്.എസ്. (ധനശ്രീ ഗ്രൂപ്പ്)

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം,25/24.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി)<u>അധിക സബ്സിഡി അനുവദിച്ച</u>

1. ശ്രീമതി. ഷീജ എ.യുടെ നേതൃത്വത്തിൽ ഉള്ള റോസ് ജെ.എൽ.ജി. ഗ്രൂപ്പ് കൃഷി ചെയ്ത സ്ഥലത്തിന്റെ വിശദാംശം( കരം രസീതിന്റെ പകർപ്പ്) ലഭ്യമാക്കിയിട്ടില്ല. വസ്തുവിന്റെ ഉടമ ശ്രീമതി .നസീമയുടെ സാക്ഷ്യപത്രം പ്രകാരം 94/20 സർവേ നമ്പരിലുള്ള 50 സെന്റ് സ്ഥലത്താണ് കൃഷി നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ 100 സെന്റ് സ്ഥലത്തെ കൃഷിക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ( ഓഡിറ്റ് എൻക്വയറി നം,25/24.02.2020). ആനുകൂല്യം അനുവദിച്ച സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട് എന്നത് പരിശോധിച്ച് ഉറപ്പുവരുത്തിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

സി)തരിശ് ഭൂമിയിലെ കൃഷിക്ക് കൃഷി ഓഫീസറുടെ സാക്ഷ്യ പത്രം ഇല്ല.

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി. 14.02.2018 പ്രകാരം തരിശു ഭൂമിയിലെ കൃഷി പ്രോജക്ടിൽ ഉൾപ്പെട്ട പ്രദേശം കൃഷിയോഗ്യമായ തരിശ് ആയിരുന്നെന്നും പച്ചക്കറി കൃഷിക്ക് അനുയോജ്യമാണെന്നും കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. കൂടാതെ തരിശു ഭൂമിയിലെ കൃഷിക്കായി ആനുകൂല്യം കൈപ്പറ്റിയ അതേ സ്ഥലത്തിന് ഹരിത ഭവനം പദ്ധതിയിലുൾപ്പെടുത്തിയും ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. കൃഷി ഓഫീസർ സ്ഥല പരിശോധന നടത്തുന്നതിൽ സംഭവിച്ച വീഴ്ചകാരണമാണ് ഇത്തരം അപാകത സംഭവിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീമതി. ശോഭന കുമാരിയുടെ നേതൃത്വത്തിലുള്ള പുളിക്കചിറ ജെ.എൽ.ജി. ഗ്രൂപ്പ് ശ്രീമതി ഉഷ ജി.പി.യുടെ ഉടമസ്ഥതയിലുള്ള 130 സെന്റ് സ്ഥലത്തെ കൃഷിക്കായി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. ഫയൽ രേഖകളിൽ 116 സെന്റ് സ്ഥലത്തിന്റെ വിശദാംശം ആണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിൽ 14.73 ആർ സ്ഥലം വസ്തുവിന്റെ ഉടമ ശ്രീമതി. ഉഷ ജി.പി. 2018-19 സാമ്പത്തിക വർഷം ഹരിത ഭവനം പദ്ധതിക്കായി ആനുകൂല്യം നേടിയിട്ടുള്ളതാണ്. ശ്രീമതി. ശോഭനകുമാരിയുടെ ഉടമസ്ഥതയിലുള്ള 10.40ആർ സ്ഥലം 2018-19 സാമ്പത്തിക വർഷം ഹരിത ഭവനം പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളതുമാണ്. പദ്ധതി നിർവ്വഹണത്തിലും മോണിറ്ററിംഗിലും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും മോണിറ്ററിംഗ് ചുമതലയുള്ള കൃഷി, അനുബന്ധ മേഖലകളുടെ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട കുറവും ഉണ്ടായിട്ടുണ്ട്.

2. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി. 29.01.2018 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാർ ചെയ്യേണ്ട പ്രോജക്ട് പൂർത്തീകരണ പത്രം, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ തയ്യാർ ചെയ്തിട്ടില്ല. ( ഓഡിറ്റ് എൻക്വയറി നം,25/24.02.2020).
മേൽ അപാകങ്ങളിന്മേൽ മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-30 ഹരിത ഭവനം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| അടങ്കൽ തുക | | ചെലവ് തുക |
|---|---|---|
| വികസന ഫണ്ട് | 4,20,000 | 4,20,000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 4,20,000 | 4,20,000 |
| ഗുണഭോക്തൃവിഹിതം | 5,24,400 | 5,24,400 |
| ആകെ | 13,64,400 | 13,64,400 |

വീട്ടുവളപ്പിൽ സമ്മിശ്ര കൃഷി, യൂണിറ്റ് ഏരിയയിൽ നിന്ന് പരമാവധി ഉല്പാദനം, ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക, ഭൂഗർഭജല സംരക്ഷണം എന്നീ ലക്ഷ്യങ്ങളോടെ ഗ്രോബാഗ്, ഫലവൃക്ഷതൈകൾ, തെങ്ങ്,പച്ചക്കറിതൈകൾ കിഴങ്ങു വർഗ്ഗം, സംപുഷ്ടീകരിച്ച ചാണകം, കിണർ റീ ചാർജ്, മാലിന്യ സംസ്കരണ യൂണിറ്റ്, കോഴിയും കൂട്ടും അടങ്ങിയ ഒരു യൂണിറ്റിന് 22740/- യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് സബ്സിഡിയായി 14,000/- രൂപയും ഗു.വി. മായി 8740/- രൂപയും(565/- രൂപ സ്ഥാപനത്തിൽ അടയ്ക്കുന്നു) അടങ്കൽ വകയിരുത്തി പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018 പ്രകാരം കിണർ റീ ചാർജിംഗ് പോലെ മൂല്യ നിർണയം ആവശ്യമായി വരുന്ന സംഗതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ എഞ്ചിനീയർ/ ഓവർസിയർ പരിശോധന നടത്തി എസ്റ്റിമേറ്റ് നിർണ്ണയിച്ച് തുക അനുവദിക്കേണ്ടതാണ്. മേൽ പ്രോജക്ട് നിർവ്വഹണത്തിൽ ഗുണഭോക്താക്കളുടെ കിണർ റീചാർജിംഗ് പ്രവൃത്തിയുടെ മൂല്യ നിർണയം സ്ഥാപന തലത്തിൽ നടത്തിയിട്ടില്ല.

2. പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്ന കോഴിയും കൂട്ടും ഗുണഭോക്താക്കൾ വാങ്ങുന്ന വിധമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത്തരം സാഹചര്യത്തിൽ, സ്ഥാപന തല എഞ്ചിനീയർ/ ഓവർസിയർ മൂല്യ നിർണ്ണയം നടത്തുന്നതിനനുസൃതമായി 25% തുക സബ്സിഡിയായി അനുവദിക്കാവുന്നതാണ്. മൂല്യ നിർണയം നടത്തിയിട്ടില്ല.

4. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി. 29.01.2018 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാർ ചെയ്യേണ്ട പ്രോജക്ട് പൂർത്തീകരണ പത്രം, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ തയ്യാർ ചെയ്തിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം,25/24.02.2020)

# 1-31 ജലശ്രീ - കിണർ റീചാർജ്-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് നമ്പ